**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **5019** 06.02.2014 - ലെ മറുപടിക്ക്

ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്കുള്ള പ്രൊമോഷൻ സംവരണം

ചോദ്യം

ശ്രീ. റ്റി. യു. കുരുവിള

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
ബഹു. മുഖ്യമന്ത്രി

(എ) വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് 10% സംവരണം നൽകിയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയതിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എ) യും (ബി) യും

03/01/2014 - ലെ സ.ഉ. (പി) 1/2014/ ഉ.ഭ.പ.വ. പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ.ഡി ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പളസ്കെയിലിലുള്ളവർ) തസ്തികമാറ്റം വഴി അതാതു വകുപ്പിലെ എൽ. ഡി.ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്ക് യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം അനുവദിച്ചു നൽകുന്നതിന് താഴെ പറയുന്ന വ്യവസ്ഥകളോടെ ഉത്തരവായിട്ടുണ്ട്.

i. തസ്തികമാറ്റം ലഭിക്കുവാനർഹരായ ജീവനക്കാർ താഴ്ന്ന തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കണം.
ii. ടി ജീവനക്കാർ താഴ്ന്ന തസ്തികയിൽ/ തസ്തികകളിൽ 3 വർഷം സേവനം പൂർത്തീകരിച്ചിരിക്കണം.

(പകർപ്പ് അനുബന്ധമായി ചേർക്കുന്നു).

(സി) ആശുപത്രികളിലെ ഹോസ്പിറ്റൽ അറ്റൻഡർമാരെ കൂടി ഈ പ്രൊമോഷനിൽ പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ആരോഗ്യ വകുപ്പിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I, ഗ്രേഡ് II എന്നീ തസ്തികകൾ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെട്ടതാകയാൽ ടി വിഭാഗക്കാരും 03.01.2014 - ലെ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

(ഡി) എൽ. ജി. എസ്.-ലെ ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഇപ്പോൾ പ്രൊമോഷന് 10% സംവരണം നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

(ഡി) ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ട എല്ലാ വിഭാഗം ജീവനക്കാരും പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ വരുന്നതാണ്.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ